ലക്കം 7

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## ഒരു ജ്ഞാനിയുടെ അധഃപതനം

''നിനക്ക് ഞാൻ എന്തു ചെയ്തു തരേണം? ചോദിച്ചുകൊൾക'' എന്ന് ദൈവം ശലോമോനോട് അരുളിചെയ്തു (1 രാജ.3:5). പണമോ പ്രശസ്തിയോ ദീർഘായുസ്സോ ചോദിക്കുന്നതിന് പകരം, നന്മതിന്മകളെ തിരിച്ചറിയുവാനും നിന്റെ ജനമായ ഇസ്രായേലിനെ ന്യായം പാലിക്കുവാനുള്ള ജ്ഞാനമുള്ള ഹൃദയം എനിക്ക് തരേണമേ (വാക്യം 9) എന്ന് യഹോവയായ ദൈവത്തോടു ശലോമോൻ ചോദിച്ചു. പ്രസ്തുത അപേക്ഷ ദൈവത്തിന് പ്രസാദകരമായതിനാൽ ജ്ഞാനവും വിവേകവും ഉള്ള ഒരു ഹൃദയം ദൈവം ശലോമോന് കൊടുത്തു. അവനെപ്പോലെ ഒരു വ്യക്തി അതിന് മുമ്പും ശേഷവും ഉണ്ടായിട്ടില്ല. (വാക്യം 12). അവന്റെ മഹാജ്ഞാനവും വിവേകഹൃദയവും നിമിത്തം തന്റെ കീർത്തി ദേശം മുഴുവനും വ്യാപിച്ചു.

ദൈവത്താൽ ലഭ്യമായ ജ്ഞാനം മുഖാന്തരം ശലോമോൻ അത്യന്തം അഭിവൃദ്ധിപ്പെട്ടുവന്നു. ദൈവത്തെ ആരാധിക്കുവാൻ അവൻ അതിമനോഹരമായ ഒരു ആലയം പണികഴിപ്പിച്ചു. അവൻ മഹാജ്ഞാനിയായിരുന്നെങ്കിലും പിന്നീട്, ദൈവത്തോട് അനുസരണക്കേട് കാണിക്കുകയും, വിഗ്രഹാരാധികളായ അന്യജാതിക്കാരി സ്ത്രീകളെ സ്നേഹിക്കുകയും ചെയ്തു. നിന്റെ ഹൃദയം അന്യദൈവത്തിലേക്ക് തിരിയാതിരിക്കേണ്ടതിന് അവരുടെ അടുക്കൽ നീ പോകരുത്. അവർ നിന്റെ അടുക്കലും വരരുത് എന്ന ദൈവകല്പന ശലോമോൻ ലംഘിക്കുകയും അവരോടവൻ സ്നേഹത്താൽ പറ്റിച്ചേർന്നിരുന്നു (1 രാജ.11:2). കാലത്തിന്റെ നീക്കത്തിൽ, ശലോമോൻ വൃദ്ധനായപ്പോൾ, അവന്റെ ഭാര്യമാർ തങ്ങളുടെ ദൈവത്തി



**ശലോമോന്റെ ഭാര്യമാർ തന്റെ ഹൃദയം അന്യദേവന്മാരിലേക്ക് വശീകരിച്ചു**

ലേക്ക് ശലോമോന്റെ ഹൃദയത്തെ തിരിച്ചുകളഞ്ഞു. മാത്രമല്ല ശലോമോന്റെ ഹൃദയം തന്റെ പിതാവായ ദാവീദിന്റെ ഹൃദയം പോലെ യഹോവയിൽ ഏകാഗ്രമായിരുന്നില്ല. ശലോമോനെപ്പോലെയുള്ള ഒരു മഹാജ്ഞാനിയുടെ അധഃപതനം എത്ര ദുഃഖകരമാണെന്ന് നോക്കൂ. അന്യരാജ്യസ്ത്രീകളെ വിവാഹം കഴിക്കുക വഴി തന്റെ രാജത്വം വിപുലീകരിക്കാമെന്ന് ശലോമോൻ ചിന്തിച്ചു. ദൈവത്തിൽ ഉറച്ചിരുന്ന തന്റെ ഹൃദയം ക്രമേണ നീതിമാർഗ്ഗത്തിൽ നിന്നും പിന്മാറുകയും ദൈവകല്പനയെ നിരസിക്കുകയും ചെയ്തു.

ശലോമോന്റെ പിന്മാറ്റം വളരെ വേഗത്തിൽ സംഭവിച്ചതായിരുന്നില്ല. കാലക്രമേണ വളരെ സാവധാനത്തിൽ തന്റെ ഹൃദയം, അന്യജാതിക്കാരികളായ സ്ത്രീകളാൽ വശീകരിക്കപ്പെടുകയുമാണുണ്ടായത്. തന്റെ ഭാര്യമാരിൽ ഒരാൾ വന്ന് ശലോമോനോട് താങ്കളുടെ ജാതീയദേവന് ഒരു ക്ഷേത്രമുണ്ടാക്കുവാൻ പണം ആവശ്യപ്പെടുന്നു. ''നിന്റെ ദേവനിലും മറ്റും എനിക്ക് വിശ്വാസമില്ലെങ്കിലും ഇതാ നീ ആവശ്യപ്പെട്ട പണം'' എന്ന പ്രതികരണമാണ് ശലോമോനിൽ നിന്നും ഉണ്ടാവുന്നത്. പിന്നീട് തന്റെ ഭാര്യ വന്ന് അവനോട് ഇപ്രകാരം പറയുന്നു ''എന്റെ പ്രാണപ്രിയാ ശലോമോനേ, എന്റെ ദേവനായി നീ പണികഴിപ്പിച്ചിട്ടുള്ള അതിമനോഹരമായ ക്ഷേത്രത്തിന്റെ സമർപ്പണകർമ്മം നിർവ്വഹിക്കുവാൻ വരൂ'' പലപ്രാവശ്യം ഇങ്ങനെയുള്ള മധുരവാക്കുകളാലും ഇമ്പകരമായ വശീകരണത്താലും സത്യദൈവാരാധനക്കാരനായ ശലോമോന്റെ ഹൃദയം തിന്മയെ എതിർക്കു


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: സ്വാധീനത്തിന്റെ ശക്തി | ബൈബിൾ പഠന ഉപപാഠം: സ്വാധീനത്തിന്റെ ശക്തി | സിനിമയും ടെലിവിഷനും - ബൈബിൾ വീക്ഷണത്തിൽ പേജ് 7<br>ചോദ്യവും ഉത്തരവും | നിങ്ങൾക്ക് അറിയാമോ? തക്കസമയത്ത് പറഞ്ഞ വാക്ക് |
| പേജ് 3 | പേജ് 4 | പേജ് 5 | പേജ് 9 | പേജ് 10 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

വാൻ കഴിയാതെ സാവധാനത്തിൽ അന്യദേവനിലേക്ക് ചാഞ്ഞുപോകുകയായിരുന്നു. കാലക്രമേണ ദൈവത്തിൽ നിന്നും അവന്റെ ഹൃദയം അകന്നുഅകന്ന് ദൈവീക കാഴ്ചപ്പാടിൽ നിന്നും തിന്മയിലേക്ക് ആഴ്ന്നുപോയി.

ശലോമോൻ തന്റെ ഭാര്യമാരുടെ സ്വാധീനശക്തിയാൽ ദൈവത്തിൽ നിന്നും പിന്തിരിഞ്ഞുപോയി. മഹാജ്ഞാനിയായ ഈ മനുഷ്യന്റെ ദുഃഖകരമായ ജീവിതാനുഭവത്തിൽ സംഭവിച്ച പ്രതിഫലനങ്ങൾ നമുക്ക് ഒരു പാഠമാണ്. നമുക്ക് ഇതൊരു മുന്നറിയിപ്പും. അതുപോലെതന്നെ നമ്മുടെ ജീവിതത്തിന് ബാഹ്യസ്വാധീനശക്തിക്ക് നേരെയുള്ള ഒരുമുൻകരുതൽ കൂടിയാണ്. വലിയ ഒരു ആത്മീയതയുടെ ആവശ്യകതയെന്തെന്ന് ചിന്തിച്ചുകൊണ്ട് വളരെ ലാഘവബുദ്ധി യോടുകൂടി നീങ്ങിയാൽ ദുഷ്ടസ്വാധീനശക്തിക്ക് വളരെ വേഗം നാം കീഴ്പ്പെട്ടുപോകും. നമ്മുടെ മനോഭാവം നല്ലതല്ലെങ്കിൽ നമ്മുടെ ഉറച്ചതീരുമാനവും പ്രതിഷ്ഠതയുമെല്ലാം തന്നെ കാലക്രമേണ മ്ലേച്ഛതയ്ക്ക് അടിമപ്പെട്ടുപോകുകയും, ആത്മീയം നഷ്ടപ്പെട്ട് അധഃപതിച്ചു പോകാനിടയാകും. അനേകവർഷങ്ങളായി വെള്ളം തുടർച്ചയായി വീണുകൊണ്ടിരുന്നാൽ കടുപ്പമേറിയ പാറകല്ലിൽ പോലും വിള്ളലുണ്ടാകാൻ സാധ്യതയുണ്ട്.

നിങ്ങളുടെ രക്ഷയെ അപഹരിക്കുവാൻ എത്രകാലതാമസം വേണ്ടിവരുമെന്നും വ്യാകുലതയൊന്നും പിശാചിനില്ല. ആത്മീയത്തിൽ നിങ്ങൾ വളരെ ബലഹീനനായി നിലം പതിക്കുന്നതുവരെ അവൻ അശാന്തപരിശ്രമം തുടർന്നുകൊണ്ടേയിരിക്കും. ജനം ആത്മീയജാഗ്രത വെടിഞ്ഞുകൊണ്ട് ലൗഗീക കാര്യങ്ങളാൽ നിറയപ്പെടുവാൻ അവൻ സ്വാധീനം ചെലുത്തിക്കൊണ്ടേയിരിക്കും. നിങ്ങൾ എന്തെല്ലാം ചെയ്യുമ്പോഴും, എവിടെയെല്ലാം പോകുമ്പോഴും ഏതുകാര്യത്തിൽ വ്യാപൃതനാകുമ്പോഴും എന്തെല്ലാം കാഴ്ചകൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോഴും, ഏതു തരത്തിലുള്ള ആളുകളുമായി കൂട്ടായ്മബന്ധം പുലർത്തുമ്പോഴും ഇവയെല്ലാം വളരെ വലിയ സ്വാധീനമാണ് നിങ്ങളുടെ ജീവിതത്തിൽ വരുത്തുന്നത്. ശലോമോന് വന്നുഭവിച്ച അധഃപതനം അവന്റെ വാർദ്ധക്യകാലത്തായിരുന്നുവെന്ന് ഓർക്കുക. നിങ്ങളുടെ ചുറ്റുമുള്ളത് ഒരു വലിയ സ്വാധീനശക്തിയാണെന്ന ബോധ്യത്തോടുകൂടി സൂക്ഷ്മതയോടെ നടക്കുകയും പ്രാർത്ഥനാപൂർവ്വം ജീവിക്കുകയും ചെയ്യുക.

MWS

### ഗോസ്പൽ ട്രൂത്ത്

അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രുസിതുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.

വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

### വരിക്കാരനാകാൻ

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospeltruth.org എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.

### ബന്ധപ്പെടുക

ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ. കൊട്ടാരക്കര - 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309



# പത്രാധിപലേഖനം

സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ. ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ചു വളർത്തുന്നു (തീത്തോസ് 2:11-12).

ഇന്നത്തെ ദുഷ്ടലോകത്ത് പാപപങ്കിലമായ സാഹചര്യങ്ങളാണ് നമുക്ക് ചുറ്റുമുള്ളതെങ്കിലും ക്രിസ്തു നമുക്ക് വിശുദ്ധജീവിതം നയിക്കുവാനാവശ്യമായ എല്ലാ ദൈവീക നന്മകളും നൽകിയിട്ടുണ്ട്. പ്രപഞ്ചമോഹത്തിന്റേയും അഭക്തിയുടെയും പ്രതീകമായ ഈ ലോകത്ത് ദൈവം നമ്മെ നീതിക്കായി വിളിച്ചിരിക്കുന്നു. "സ്വാധീനം" എന്ന വിഷയത്തെക്കുറിച്ചാണ് ഈ പംക്തിയിൽ പ്രതിപാദിക്കുവാനുള്ള ഒരുപ്രത്യേക പ്രേരണ ദൈവം എനിക്ക് നൽകിയിരിക്കുന്നത്. ലോകത്തിന്റെ സ്വാധീനം വളരെയധികം ശക്തിപ്രാപിച്ചിരിക്കുന്ന കാലമാണിത്. ലോകസ്വാധീനം അവരവർക്കുമേൽ ചെലുത്തുന്ന സമ്മർദ്ദങ്ങളെക്കുറിച്ച് വൃദ്ധരായ വിശുദ്ധന്മാർ പങ്കിട്ട സാക്ഷ്യങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. നമുക്കുചുറ്റുമുള്ള സ്വാധീനസമ്മർദ്ദങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരായി വിവേകത്തോടെ ജീവിക്കുകയാണ് വേണ്ടത്.

ആത്മീയ പാരമ്പര്യവും വിശുദ്ധിയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നു എന്ന് അഭിമാനിക്കുന്നവർ പോലും ദൈവവചനത്തിന് പ്രാധാന്യം കൊടുക്കാതെ ലോകസ്വാധീനത്തിൽ കീഴ്പ്പെടുന്നത് ദുഃഖകരമായ സത്യമാണ്. എത്രയോ മാതാപിതാക്കന്മാർ ലോകസ്വാധീനത്തിൽ വീഴുകയും അവരുടെ മക്കൾ അതിന് കനത്തവില നൽകേണ്ടിയും വരുന്നു. യഥാർത്ഥ ആത്മനിറവും ആത്മശക്തിയും ഇല്ലാത്തതാണ് മിക്ക ആളുകളുടെയും പരാജയകാരണം. ഉയർന്ന ആത്മീയനിലവാരത്തിലേക്ക് സ്വയം ഉയരുകയാണ് ഏകപോംവഴി.

ലോകസ്വാധീനത്താലുള്ള പരിണിതഫലങ്ങൾ അവരവരുടെ ജീവിതത്തിലുടനീളം നമുക്ക് കാണുവാൻ കഴിയും. ഇഹലോക സ്വാധീനത്തിലേക്ക് വാതിൽ തുറന്നിട്ടിരിക്കുന്ന ആളുകളുടെ ജീവിതത്തിൽ യഥാർത്ഥ പരിശുദ്ധാത്മനിറവും ശക്തിയും കാണണമെന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു. ഇന്നത്തെ ലോകം വഷളത്വത്തിൽ നിന്നും കൂടുതൽ മ്ലേച്ഛതയിലേക്ക് നീങ്ങുമ്പോൾ ദൈവജനത്തിനും ലോകജനത്തിനും ഇടയിൽ വലിയ ഒരു അന്തരം ഉണ്ടാകും. ഈ ലോകരെ അനുസരിച്ച് നാം നമ്മെ തന്നെ അളക്കാതെ ദൈവവചനം മാനദണ്ഡമാക്കിവേണം നാം ജീവിക്കുവാൻ.

അല്പം സങ്കീർണ്ണവും വിഷാദപരവുമായ ഒരു വിഷയത്തെക്കുറിച്ചാണ് അതായത്, ഇന്റർനെറ്റ്, സിനിമ, ടെലിവിഷൻ, സംഗീതം മുതലായവയെക്കുറിച്ച് ഇന്നത്തെ ഗോസ്പൽ പംക്തിയിലൂടെ ദൈവത്തിന്റെ സഹായത്താൽ വിശകലനം ചെയ്യുവാൻ ആഗ്രഹിക്കുന്നു. പ്രസ്തുത മാധ്യമങ്ങൾ നമ്മിലുണ്ടാക്കിയിട്ടുള്ള സ്വാധീനത്തെ സത്യസന്ധമായി നമുക്ക് ഒന്ന് പരിശോധിക്കാം. തുറന്ന ഹൃദയത്തോടെ പരിശുദ്ധാത്മാവിന്റെ കരത്താൽ നാം നയിക്കപ്പെടട്ടെ.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ എല്ലാ വിശുദ്ധവും ദൈവദൃഷ്ടിയിൽ സുതാര്യവുമാണോ? ലോകത്തിന്റെ സ്വാധീനശക്തി നമ്മെ പാപത്തോട് പൊരുത്തപ്പെടാനും, ന്യായീകരിക്കുവാനും കീഴ്പ്പെടാനും സമ്മർദ്ദം ചെലുത്തുകൊണ്ടേയിരിക്കും. സത്യസന്ധതയോടും വിശ്വസ്തതയോടുകൂടി ഇഹലോക ദുഷ്ടതക്കെതിരെ പോരാടാം.

**മൈക്കിൾ ഡബ്ല്യു സ്മിത്ത്.**

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org



## ലൗകീക സ്വാധീനങ്ങൾ

അവിശ്വാസികളായ സുഹൃദ് വലയങ്ങൾ

സിനിമകൾ

ടെലിവിഷൻ

വിനോദങ്ങൾ

സംഗീതം

കായികം

മാധ്യമങ്ങൾ

പാപപങ്കിലമായ സാഹചര്യങ്ങൾ

ആധുനികത്വം

മോഹം

അശുദ്ധി

മന്ത്രവാദം

മദ്യപാനം

മയക്കുമരുന്ന്

---

"നിന്നെ എത്രത്തോളം സ്വാധീനിക്കുവാൻ ലോകം ശ്രമിച്ചാലും നീ ലോകത്തെ ഒരുനാളും നീ **സ്വാധീനിക്കരുത്.**"

# ബൈബിൾ പഠനസഹായി

വിഷയം: **സ്വാധീനത്തിന്റെ ശക്തി**

**വായനാഭാഗം :** അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു (ഗലാത്യർ.5:9)

**സംഗ്രഹം:** വിശുദ്ധിയിൽ നിന്നും ജനത്തെ അകറ്റികൊണ്ട് ഇഹലോക സ്വാധീനവലയത്തിൽ വീഴ്ത്തുവാൻ ശത്രുവായ പിശാച് പലവിധ ആയുധങ്ങൾ ഉപയോഗിക്കും. അതുകൊണ്ട് ദൈവജനം സാത്താന്റെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് അശുദ്ധിയെ അകറ്റി വിശുദ്ധിയെ തികെച്ചുകൊണ്ട് ജീവിതം ദൈവപ്രസാദകരമാക്കുകയാണ് വേണ്ടത്.

**നിർവ്വചനം:** സ്വാധീനം - പരോക്ഷമായോ അല്ലെങ്കിൽ നിർദ്ദോഷകരമെന്ന് തോന്നിക്കും വിധമോ, ഒരു വ്യക്തിയുടെ പെരുമാറ്റം, വളർച്ച, സ്വഭാവം, ബന്ധങ്ങൾ എന്നിവയെ മാറ്റി മറിക്കാനുള്ള അപാരമായ ശക്തിയാണ്.

### I എല്ലാവരും സ്വാധീനിക്കപ്പെടുവാൻ സാധ്യതയുള്ളവർ

A. അപ്പൊ: 14:14-15 സമസ്വഭാവമുള്ള മനുഷ്യർ

B. സങ്കീ.103:14 നാം പൊടിയാണ്

C. മത്തായി. 26:41 ജഡം ബലഹീനമാണ്.

D. സദൃശ്യ.6:27-28 മടിയിൽ തീ.

E. മത്തായി. 6:22-24 ദൈവത്തേയും മാമോനെയും സേവിപ്പാനാവില്ല.

### II. തിരുവെഴുത്തിലെ ദൃഷ്ടാന്തങ്ങൾ

A. ഉല്പത്തി. 3:1-8 ആദാമും ഹവ്വയും.

B. ന്യായാധി. 16:18-20 ശിംശോൻ

C. 1 രാജാക്കന്മാർ. 11:4 ശലോമോൻ

D. ലൂക്കോസ് 22:55-62 പത്രോസ്

### III. മുൻകരുതൽ

A. ഗലാത്യർ 6:7-8 നീ വിതെക്കുന്നത് തന്നെ കൊയ്യും.

B. യെശയ്യ. 5:20-22 നന്മയെ തിന്മയെന്നു വിളിക്കുന്നു.

### IV. ചെറിയ സ്വാധീനശക്തികൾ.

A 1 കൊരി. 5:6 പുളിച്ചമാവ്

B. ഉത്തമഗീതം. 2:15 ചെറുകുറുക്കന്മാർ.

C. സഭാപ്രസംഗി 10:1 ചത്ത ഈച്ച.

### V. ദുഷിച്ച സ്വാധീനശക്തികൾ

A. ഗലാത്യർ 5:19-21 ജഡത്തിന്റെ പ്രവൃത്തികൾ.

B. 1 കൊരി. 15:33 ദുഷിച്ച കൂട്ടുകെട്ട്.

C. 2 കൊരി. 6:14-17 അവിശ്വാസികൾ

D. സദൃശ്യ. 7:7 -26 മോഹം

E. എഫെസ്യ 5:18 വീഞ്ഞ്

### VI. അഭക്തരുമായുള്ള സ്വാധീനം നിഷേധിക്കുക

A. സദൃശ്യ. 4:14-15 പ്രവേശിക്കരുത്.

B. 2 തിമൊ. 2:22 യൗവ്വന മോഹങ്ങളെ വിട്ടോടുക.

C. എഫെസ്യ. 5:6-13 അവയെ ശാസിക്കുക.

D. സങ്കീ. 141:4 പറ്റിച്ചേരരുത്.

E. എഫെ. 4:27 പിശാചിന് ഇടം കൊടുക്കരുത്.

F. യാക്കോബ്. 4:7-8 പിശാചിനോട് എതിർത്തുനിൽപ്പിൻ.

### VII. മനസ്സിനേയും ഹൃദയത്തേയും കാത്തുകൊള്ളുക

A. സദൃശ്യ. 4:23 ഹൃദയത്തെ സൂക്ഷിക്കുക.

B. മത്തായി 5:29-30 നിന്റെ കണ്ണ് ഇടർച്ചയാണെങ്കിൽ

C. സങ്കീ. 101:31 നീചകാര്യം ഞാൻ വച്ചുപൊറുപ്പിക്കുകയില്ല.

D. എബ്രായർ 12:13-15 വിശുദ്ധിയെ പിന്തുടരുക.

E. 1 കൊരി. 6:12 എല്ലാം പ്രയോജനമുള്ളതല്ല.

### VIII. നല്ല സ്വാധീനശക്തികൾ

A. എബ്രായർ. 10:24 -25 പരസ്പര യോജിപ്പ്.

B. 1 യോഹ. 1:5-7 കൂട്ടായ്മ

C. സദൃശ്യ. 27:17 ഇരുമ്പ് ഇരുമ്പിന് മൂർച്ച കൂടുന്നു.

D. സങ്കീ. 119:11 ദൈവവചനം

E. സങ്കീ. 1:1-2 ഭാഗ്യവാൻ.

**ഉപസംഹാരം**

ഈ ലോകത്തിന് അനുരൂപരാകാതെ പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ. (റോമർ.12:2)

# പ്രലോഭനത്തിന്റെ ശക്തി


## (ബൈബിൾ പഠന ഉപപാഠം)

### പ്രാണന്റെ ശത്രു പ്രവർത്തനനിരതനാണ്

സാത്താൻ ദൈവത്തിന്റെ ജനത്തിന് എതിരായി യുദ്ധം ചെയ്യുന്നു. ദൈവജനത്തിന്റെ ആത്മീയതയുടെ സാരാംശം നശിപ്പിക്കുക എന്നതാണ് സാത്താന്റെ ഉദ്ദേശം. ശത്രു കൗശലക്കാരനും ബലഹീനതകളെ നന്നായി അറിയുന്നവനുമാണ്. പാപം ചെയ്യുവാനുള്ള പ്രലോഭനം ഒരു യാഥാർത്ഥ്യം ആണെങ്കിലും കാലക്രമേണ ദൈവജനത്തിന് എതിരെ അത് പ്രാവർത്തികമാക്കുവാനുള്ള സ്വാധീനം അനുസരിച്ചാണ് പ്രലോഭനത്തിന്റെ അപകട സാദ്ധ്യത ഇരിക്കുന്നത്.

### എല്ലാവരെയും പ്രലോഭനം പെട്ടെന്ന് സ്വാധീനിക്കുന്നു.

ഒരാളുടെ പെരുമാറ്റത്തെയോ സ്വഭാവത്തെയോ മാറ്റുവാനുള്ള ശക്തി പ്രലോഭനത്തിന് ഉണ്ട്. നശ്വരമായ ജഡത്തിൽ മനുഷ്യൻ ആയിരിക്കുന്ന കാലമെല്ലാം അവനിൽ പ്രലോഭനത്തിന്റെ സ്വാധീനവും ഉണ്ട്. അപ്പൊസ്തലന്മാരായ ബർന്നബാസും പൗലോസും ''ഞങ്ങൾ നിങ്ങളോട് സമസ്വഭാവമുള്ള മനുഷ്യർ അത്രേ'' എന്നു പറഞ്ഞു (അ.പ്ര.14:15). അതുകൊണ്ട് പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ എന്ന് യേശു പറഞ്ഞു (മത്തായി.26:41). തിന്മയുടെ സ്വാധീന ശക്തിയെക്കുറിച്ച് നാം അജ്ഞരായിരിക്കരുത്. അനേകം ക്രിസ്ത്യാനികൾ പാപത്താൽ മലിനമാക്കപ്പെട്ട വിനോദങ്ങളിലും ലോകപരമായ പരിപാടികളിലും പങ്കെടുക്കുന്നവരാണ്. എന്തുകൊണ്ട് വിജയവും ദൈവത്തിന്റെ ശക്തിയും അവർക്ക് ഇല്ല എന്ന് അവർ ആശ്ചര്യപ്പെടുന്നു.'' ഒരു മനുഷ്യൻ തന്റെ വസ്ത്രം വെന്തുപോകാതെ മടിയിൽ തീ കൊണ്ടുവരാമോ?'' (സദൃശ്യവാക്യങ്ങൾ. 6:27).



**നശ്വരമായ ജഡത്തിൽ മനുഷ്യൻ ആയിരിക്കുന്ന കാലമൊക്കെയും അവനിൽ പ്രലോഭനത്തിന്റെ സ്വാധീനവും ഉണ്ട്.**

### തിരുവചനത്തിലെ ഉദാഹരണങ്ങൾ

തിന്മയുടെ പ്രലോഭന ശക്തിയിൽ വീണുപോയ അനേകം ശക്തന്മാരായ ആളുകളുടെ ഉദാഹരണങ്ങൾ തിരുവചനത്തിൽ ഉണ്ട്. ആദിയിൽ ആദാമിനും ഹവ്വായ്ക്കും ദൈവവുമായി ഉണ്ടായിരുന്ന പവിത്രതയും വിശുദ്ധിയും സർപ്പത്തിന്റെ സാമർത്ഥ്യവും ചതിയും നിറഞ്ഞ വാക്കുകൾ ശ്രദ്ധിച്ചതിനാൽ നഷ്ടപ്പെട്ടു (ഉല്പത്തി.3:1-8). ശിംശോൻ, ദെലീലയോട് തന്റെ ഉള്ളമെല്ലാം പകർന്നപ്പോൾ ഒരിക്കലും തന്റെ ശക്തിയുടെ രഹസ്യം അവളോട് പറയണം എന്ന് ആഗ്രഹിച്ചതല്ലായിരുന്നു (ന്യായാധിപന്മാർ 16:18-20). ജീവിതത്തിൽ പ്രലോഭനങ്ങളുടെ പ്രവർത്തനം സാവധാനം തിന്മയോട് എതിർക്കുവാനുള്ള ശക്തിയെ ക്ഷയിപ്പിക്കുന്നു, ദുർബലമാകുമ്പോൾ പാപം ചെയ്യുന്നു. ശലോമോൻ വയോധികനായപ്പോൾ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേയ്ക്ക് വശീകരിച്ചു (1 രാജ.11:4). ആൾക്കൂട്ടത്തെ ഭയന്ന് ശിഷ്യനായിരുന്ന പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞു (ലൂക്കോസ്.22:55-62). ലോകത്തിന്റെ വശീകരണശക്തിയ്ക്ക് എതിരെ ഒരു ഉറച്ച നില സ്വീകരിക്കാതെ ലാഘവത്തോടെ ആയിരുന്ന അനേകരും ജീവിതവിശുദ്ധിയിൽ നിന്ന് മാറിപ്പോയിട്ടുണ്ട്.

### ചെറിയ കാര്യങ്ങളുടെ ശക്തി

ചെറിയ പ്രലോഭനങ്ങൾക്കും വലിയ ശക്തി ഉണ്ട്. അസാരം പുളിമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു എന്ന് അറിയുന്നില്ലയോ? (1 കൊരിന്ത്യർ 5:6). സാധാരണ മുന്തിരിവള്ളിയെ നശിപ്പിക്കുന്നത് ചെറുകുറുക്കന്മാരാണ് (ഉത്തമഗീതം 2:5). പാപം നിറഞ്ഞ ഒരു വലിയകാര്യം ആയിരിക്കുകയില്ല, എപ്പോഴും ക്രിസ്ത്യാനിയുടെ രക്ഷയെ നഷ്ടപ്പെടുത്തുന്നത്. കൗശലപൂർവ്വമായ ചെറിയ പ്രലോഭനങ്ങളാൽ വിശുദ്ധി, സത്യം എന്നിവയുടെ കാഴ്ചപ്പാടിനെ സ്വാധീനിക്കുമ്പോഴാണ് അത് രക്ഷയെ ബാധിക്കുന്നത്. ''അത് പാപമല്ല'', ''എനിക്കു അവിടെ പോകാം'', ''ആ പാട്ടു കേൾക്കുന്നതിൽ കുഴപ്പമില്ല'', ''ആ സിനിമ എനിക്കു കാണാം'', ''ഞാൻ രക്ഷിക്കപ്പെട്ടതിനാൽ തെറ്റായി ഒന്നും ഞാൻ ചെയ്യുകയില്ല'' മുതലായ വാക്കുകൾ അനേകരുടെ ആത്മീയപതനത്തിന് മുൻപ് ഉണ്ടായിരുന്നു. ജീവിതത്തിൽ ഇത്തരം കാര്യങ്ങളുടെ സ്വാധീനം സൂക്ഷിക്കുക. നിങ്ങളുടെ ആത്മീയതയെ അത് എങ്ങനെ ബാധിക്കുന്നു? ശരി അല്ലാത്തത് ചെയ്യുവാൻ നിങ്ങൾ സമ്മർദ്ദം അനുഭവിക്കുന്നുണ്ടോ? പവിത്രവും വിശുദ്ധവും അല്ലാത്ത കാര്യങ്ങളാൽ നിങ്ങളുടെ മനസ്സിനെ പോഷിപ്പിക്കാറുണ്ടോ? ചെറിയ കാര്യങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ബുദ്ധിയുള്ളവരായിരിക്കുക.

## തിന്മയുടെ സ്വാധീനം നിറഞ്ഞുനില്ക്കുന്നു.

ജഡത്തിന്റെ പ്രവർത്തികളായ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ (ഗലാത്യർ 5:19-21). നിയന്ത്രണാതീതമായി ലോകത്തിലുണ്ട്. അവ പാട്ട്, വിനോദം, കായികരംഗം തുടങ്ങിയ മേഖലകളിൽ നുഴഞ്ഞുകയറിയിട്ടുണ്ട്. തിന്മയുടെ സ്വാധീനത്തെ പ്രത്യാഘാതം ഇല്ലാതെ സ്വതന്ത്രമായി കൊണ്ടുപോകുവാൻ ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ സാധിക്കുകയില്ല. വചനം പഠിപ്പിക്കുന്നത് "ദുർഭാഷണത്താൽ (സൗഹൃദം) സദാചാരം കെട്ടുപോകുന്നു" എന്നാണ് (1കൊരിന്ത്യർ. 15:33). ആരെങ്കിലും അശുദ്ധിയുള്ള ജനത്തിനോടുകൂടെ പാർത്താൽ കാലക്രമത്തിൽ അയാളുടെ ആത്മീകത ക്ഷയിച്ച് വിശ്വാസവും വിശുദ്ധിയും മലിനപ്പെടും. "നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്" എന്നൊരു മുന്നറിയിപ്പ് നല്കിയിരിക്കുന്നു (2 കൊരിന്ത്യർ 6:14). ആത്മാർത്ഥ സുഹൃത്തിനെയും ജീവിത പങ്കാളിയെയും തെരഞ്ഞെടുക്കുമ്പോൾ എത്രമാത്രം സൂക്ഷിക്കേണ്ടിയിരിക്കുന്നു.



**ദൈവത്തിന്റെ പൈതൽ അനീതി നിറഞ്ഞ പ്രലോഭനങ്ങൾക്കെതിരെ ഉറച്ച നിലപാട് എടുത്ത് പിശാചിന് ഇടം കൊടുക്കുകയില്ല**

## ദൈവഭക്തിയില്ലായ്മ തള്ളിക്കളയുക

പാപസ്വഭാവങ്ങളെ പൂർണ്ണമായി തള്ളിക്കളഞ്ഞ് അവയുടെ സ്വാധീനത്തിൽ നിന്ന് മതിയായ ദൂരം കാത്തു ജീവിക്കുവാൻ തിരുവചനത്തിൽ കർശനമായ നിർദ്ദേശം ഉണ്ട്. "ദുഷ്ടന്മാരുടെ പാതയിൽ നീ ചെല്ലരുത്, ദുർജ്ജനത്തിന്റെ വഴിയിൽ നടക്കുകയുമരുത്, അതിനോട് അകന്നു നില്ക്കുക, അതിൽ നടക്കരുത് അതുവിട്ടുമാറി നടന്നുപോകുക" (സദൃശ്യവാക്യങ്ങൾ 4:14-15). "ഇരുട്ടിന്റെ നിഷ്ഫല പ്രവർത്തികളിൽ കൂട്ടാളികൾ ആകരുത്; അവയെ ശാസിക്കുക അത്രേ വേണ്ടത് (എഫേസ്യർ.5:11).

ധാരാളം ആളുകൾ ജീവിതത്തിൽ വിശുദ്ധമല്ലാത്ത കാര്യങ്ങളെ ന്യായീകരിക്കുവാൻ ശ്രമിക്കാറുണ്ട്. ജീവിതത്തിൽ വിശ്വസ്തനും, അനീതി നിറഞ്ഞ് പ്രലോഭനങ്ങൾക്ക് എതിരെ ഉറച്ച നിലപാട് എടുത്ത് പിശാചിനും ഇടംകൊടുക്കാതെ (എഫേസ്യർ 4:27) അവസാനം വരെ ജീവിക്കുന്ന ക്രിസ്ത്യാനിയാണ് ദൈവപൈതൽ. തെറ്റായ പ്രലോഭനങ്ങളിൽകൂടി ഒരാൾ മുന്നോട്ടുപോയാൽ ജഡത്തെ കീഴടക്കുവാൻ ദുർബലനായിത്തീരും. "യൗവ്വനമോഹങ്ങളെ വിട്ടോടി നീതിയും വിശ്വാസവും സ്നേഹവും വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനം ആചരിക്കുക" (2 തിമൊഥയോസ് 2:22).

## മനസ്സും ഹൃദയവും കാക്കുക.

പാപത്തിന്റെ ശക്തിയിൽ നിന്ന് മനസ്സും ഹൃദയവും കാക്കുകയും അനീതിയെ പോഷിപ്പിക്കുന്ന കാര്യങ്ങളിൽ രസിക്കാതിരിക്കുകയും ചെയ്യുക. "സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊള്ളുക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്" (സദൃശ്യവാക്യങ്ങൾ 4:23). ദാവീദിനെപ്പോലെ "ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിനുമുന്നിൽ വയ്ക്കുകയില്ല (സങ്കീർത്തനങ്ങൾ 101:3). നിങ്ങളുടെ ജീവിതവും ഭവനവും പരിശുദ്ധാത്മാവിന് വസിക്കുവാനുള്ള ആലയമായി സൂക്ഷിക്കുക. ആത്മീയതയ്ക്ക് വിപരീതമായി എന്തെങ്കിലും പ്രലോഭനം, മറ്റ് ക്രിസ്ത്യാനികൾ ചെയ്യുന്നതാണെങ്കിൽകൂടെയും അതിൽ നിന്ന് വിട്ടുനിൽക്കുക. "വലങ്കണ്ണു നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞു കളക..........." (മത്തായി 5:29-30). പാപം എല്ലായ്പ്പോഴും പ്രശ്നം ആകുന്നില്ല പക്ഷേ അതിന്റെ സ്വാധീനം സൂക്ഷിക്കുക. പൗലോസ് പറയുന്നതുപോലെ "സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട് എങ്കിലും സകലവും പ്രയോജനമുള്ളതല്ല; സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട് എങ്കിലും ഞാൻ യാതൊന്നിനും അധീനനാകുകയില്ല (1 കൊരിന്ത്യർ 6:12).

## നല്ലതിന്റെ സ്വാധീനം

ലോകത്തിലെ പ്രലോഭനങ്ങളുടെ സ്വാധീനത്താൽ അപകടപരമായ സ്ഥാപനങ്ങളിൽ ആയിരിക്കുന്നതിനെക്കാൾ, വിശുദ്ധിക്കും ആത്മീകവർദ്ധനവിനും ഉതകുന്നതുമായ (എബ്രായർ 12:13-15). പ്രായോഗിക സ്വാധീനത്തിൻ കീഴിൽ ആയിരിക്കുക. ദൈവജനവുമായുള്ള കൂട്ടായ്മയിൽ എപ്പോഴും വിശ്വസ്തരും ശുഷ്കാന്തിയുള്ളവരും ആയിരിക്കുക (എബ്രായർ 10:24-25). ആത്മീകവളർച്ചയ്ക്ക് ഉപകരിക്കുന്ന പ്രവർത്തനങ്ങളും സേവനവും കൊണ്ട് ജീവിതം നിറയ്ക്കുക. വിശുദ്ധന്മാരുടെയും വിശേഷാൽ ദൈവവചനത്തിന്റെ സ്വാധീനത്തിലും ആയിരിക്കുക. "ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" (സങ്കീർത്തനങ്ങൾ 119:11).

## തിരഞ്ഞെടുപ്പ് നിങ്ങൾക്കുള്ളത്.

എല്ലാ ക്രിസ്ത്യാനികളും ചുറ്റുപാടുകളിലും പ്രലോഭനത്തിന്റെ ശക്തി ഉണ്ട്, എന്നാൽ ഒരു ദൈവപൈതൽ തന്റെ ജീവിതത്തിൽ എന്ത് അനുവദിക്കണം എന്നുള്ളത് തിരഞ്ഞെടുക്കുന്നു. പ്രായോഗികവും വിശുദ്ധവുമായ സ്വാധീനങ്ങളെ തിരഞ്ഞെടുക്കുക. "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2).

MWS

# സിനിമകളും ടെലിവിഷനും
## ബൈബിൾ വീക്ഷണത്തിൽ

സിനിമ കാണുന്നതും ടെലിവിഷൻ ഉപയോഗിക്കുന്നതിനെക്കുറിച്ച്, തിരുവചനാടിസ്ഥാനത്തിൽ ഒറ്റവാക്കിൽ പറഞ്ഞാൽ വിശുദ്ധി എന്ന വിഷയം വിശകലനം ചെയ്യേണ്ടിവരും. വിശുദ്ധി എന്തെന്നാൽ വെടിപ്പുള്ളത്, ശുദ്ധം, വിശുദ്ധീകരിക്കപ്പെട്ടത്, വേർതിരിക്കപ്പെട്ടത്, ഒരേ തരത്തിലുള്ളത് എന്നൊക്കെയാണർത്ഥം. 1 കൊരി.6:20–ൽ തിരുവെഴുത്തിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവീൻ, അശുദ്ധിക്കായിട്ടല്ല, വിശുദ്ധിക്കായിട്ടത്രേ ദൈവം നിങ്ങളെ വിളിച്ചത് (1 തെസ്സ.4:7). ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ല (എബ്രാ.12:14). ദൈവവചനത്തിൽ നിന്നും നമ്മെ അകറ്റിവലിച്ചുകൊണ്ടുപോകുവാനുള്ള ഒരു വലിയ ശക്തിയും സ്വാധീനവും സിനിമകൾക്കും ടെലിവിഷനും ഉണ്ടെന്നുള്ള വസ്തുത നാം അറിയുക. ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം നാം ചെയ്യുന്നതെല്ലാം ദൈവനാമ മഹത്വത്തിനായിരിക്കേണം (1 കൊരി.10:31)



വിശുദ്ധിയായി ജീവിക്കുവാനാഗ്രഹിച്ച് ഹൃദയം മുഴുവനും വിശുദ്ധിയിൽ കാക്കുന്ന ഒരു ദൈവ പൈതലിന് എന്തുകൊണ്ടാണ് തീർത്തും അശുദ്ധമായ ഇത്തരം അഭക്തിയിൽ വീഴേണ്ടിവരുന്നത്?

ഒരു സാങ്കേതികവിദ്യ എന്ന നിലയിലോ അല്ലെങ്കിൽ ഒരു ഉപകരണം, സാധനസാമഗ്രി എന്ന നിലയിലോ ഇവ പാപമല്ല. എന്നാൽ ഇവയിലുള്ള പരിപാടികളുടെ അന്തസത്തയും ദീർഘസമയം നീണ്ടു നിൽക്കുന്നവയും പൂർണ്ണമായും (അശുദ്ധിയുമാണ് നിറഞ്ഞുനിൽക്കുന്നത്) ഗലാത്യർ 5:19–21 വരെയുള്ള വേദഭാഗത്ത് ജഡത്തിന്റെ പ്രവൃത്തികളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്. വ്യഭിചാരം, ദുർന്നടപ്പ്, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത്............ എന്നിവ പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല. സിനിമകൾ മേലുദ്ധരിച്ചിട്ടുള്ളവരെ അതായത് ജഡത്തിന്റെ പ്രവൃത്തി ചെയ്യുന്നവരെ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. വിശുദ്ധിയായി ജീവിക്കുവാനാഗ്രഹിച്ച് ഹൃദയം മുഴുവനും വിശുദ്ധിയിൽ കാക്കുന്ന ഒരു ദൈവപൈതലിന് എന്തുകൊണ്ടാണ് തീർത്തും അശുദ്ധമായ ഇത്തരം അഭക്തിയിൽ വീഴേണ്ടിവരുന്നത്?

ഒരു വിശുദ്ധന്റെ ഭവനം തീർച്ചയായും ഇഹലോക മാലിന്യങ്ങളിൽ നിന്നും വിമുക്തരായിരിക്കണം.ഇവയൊന്നുമില്ലാതെ തന്നെ ഇവിടം ജഡത്തിന്റെ സ്വാധീനശക്തിയിലാണ് സിനിമകളും ടി.വി.പരിപാടികളും ജഡീകപ്രവൃത്തികൾക്ക് കാരണമാകുന്നു. എന്നാൽ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിക്കുവാൻ വിളിക്കപ്പെട്ടവരായ നാം ആത്മാവിൽ നടക്കുന്നവരായിരിക്കണം. ക്രിസ്തുവിന്റെ ശരീരം എന്താണ് ചിന്തിക്കേണ്ടത് എന്ന് തിരുവചനം നമ്മെ ശരിയായി പഠിപ്പിക്കുന്നുണ്ട്. ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും, ഘനമായതൊക്കെയും, നീതിയായതൊക്കെയുംനിർമ്മലമായതൊക്കെയും രമ്യമായതൊക്കെയും, സത്കീർത്തിയായതൊക്കെയും സത്ഗുണമോ പുകഴ്ചയോ അത് ഒക്കെയും ചിന്തിച്ചുകൊള്ളുവിൻ (ഫിലിപ്പിയർ4:8).

ദൈവവചനമെന്ന മാനദണ്ഡത്തിൽ ഹൃദയത്തിന്റെ യഥാർത്ഥ അവസ്ഥ പരിശോധിക്കുകയാണ് ഈ പംക്തിയിൽ. ഒരു സിനിമ കണ്ടെന്ന് കരുതി ഒരു വ്യക്തി പാപത്തിൽ വീഴുമെന്ന് പറയാനാവുമോ? ഇല്ല എന്നാൽ അശുദ്ധിയുടെ സ്വാധീനശക്തിയാൽ ആ വ്യക്തി വശംവദനായിത്തീരുകയും കൂടുതൽ ലോകമോഹനത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും. പിന്നീടതിൽ നിന്നും ആ വ്യക്തിക്ക് മടങ്ങിവരവ് എളുപ്പമല്ലാതായിത്തീരുന്നു. വളരെ ആത്മീയതയുടെ ഉന്നതനിലവാരം പുലർത്തുന്നവരിലൂടെയും ധാർമ്മികതയുടെ മുൻപന്തിയിലുള്ളവരുടെയും ഇന്നത്തെ യുവതലമുറകളെയാണ് പിശാച് ഇന്ന് സിനിമകളും ടി.വിയുടെ അതിപ്രസരണത്തിലും അകപ്പെടുത്തിയിട്ടുള്ളത്.

ടി.വി.യുടെ ദുരുപയോഗവും സിനിമകളുടെ സ്വാധീനവും മറ്റും ഇന്നത്തെ കുട്ടികളിലെ കടുത്ത നിഷേധാത്മക പ്രതിഭാസങ്ങളാണ് സൃഷ്ടിക്കുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അഭക്തിയുടെയും അശുദ്ധിയുടെയും അതിരുകടന്ന സന്ദേശങ്ങളാണ് ബഹുഭൂരിപക്ഷം സിനിമകളിലും ഇന്നുള്ളത്. ഇത് ഇന്നത്തെ കുട്ടികളിൽ അശ്ലീല ചിന്തകൾ, അക്രമവാസന, ശത്രുത, ലൈംഗീക പ്രവണതകൾ, പൊണ്ണത്തടി, അതൃപ്തി, പഠനത്തിൽ ഉത്സാഹമില്ലായ്മ എന്നിവയ്ക്ക് കാരണമാകുന്നു. ടി.വി പരിപാടികളിൽ സദാമുഴുകിയിരുന്ന ഒരു കുട്ടിയെ വളരെവേഗം സാധാരണ നിലയിലേക്ക് കൊണ്ടുവരുമ്പോൾ താൻകണ്ട കാര്യങ്ങൾ പ്രവർത്തിപഥത്തിലേക്ക് കൊണ്ടുവരുവാനുള്ള പ്രേരണ കൂടുതലയി കണ്ടുവരുന്നു. മിക്കസിനിമകളും യാഥാർത്ഥ്യങ്ങളിൽ നിന്ന് അകന്നുമാറി ഒരു മിഥ്യാധാരണയും പാപപങ്കിലമായ പെരുമാറ്റത്തിന് പരിണിതഫലത്തിന്റെ അഭാവ

യിട്ടുണ്ടെങ്കിലും ടി.വി. പരിപാടികൾ ഒരു വിനോദമാർഗ്ഗമായിട്ടാണ് പ്രഥമദൃഷ്ട്യാ വിലയിരുത്തുന്നത്. ഈ വകകാര്യങ്ങൾ ദൈവീകമല്ല, അവ നമ്മുടെ ജീവിതത്തിൽ നിന്നും തിരസ്കരിക്കപ്പെടേണ്ടതു തന്നെ. ഇത്തരത്തിലുള്ള സ്വാധീനശക്തികൾ ഇന്ന് പല ക്രിസ്ത്യാനികൾക്കും ഒരു കെണിയായും കുടുക്കായും തീർന്നിട്ടുണ്ട്. ആകയാൽ ജാഗ്രതയുള്ളവരാകുക.

ദൈവത്തെ ആരാധിക്കുവാനും ശുശ്രൂഷക്കും നൽകപ്പെട്ട ധാരാളം സമയം സിനിമകളും മറ്റും നഷ്ടപ്പെടുത്തുന്നു. ഇവ നമ്മുടെ ഏകാഗ്രതയെ നഷ്ടപ്പെടുത്തി നമ്മെ കൂടുതൽ ഉദാസീനരാക്കിത്തീർക്കുന്നു. ഇവ മുഖാന്തരം കൂടുതൽ വായിക്കുവാനോ പ്രാർത്ഥിക്കുവാനോ കഴിയില്ല. കുട്ടികൾക്ക് ക്ലാസിൽ ശ്രദ്ധിക്കുവാനോ ആരാധനയോഗങ്ങളിൽ മുഴുകുവാനോ കഴിയാതെ വരുന്നു. ടി.വി.യും സിനിമകളും മുഖാന്തരം ലോകമെമ്പാടും മ്ലേച്ഛത വ്യാപിക്കുന്നു. ചില സ്ഥലങ്ങളിൽ ഞാൻ വ്യക്തിപരമായി ശ്രദ്ധിച്ചിട്ടുള്ള കാര്യമാണ്. പാപപൂർണ്ണമായ പാശ്ചാത്യവല്ക്കരണം വ്യാപിക്കുന്നതായി ഞാൻ കാണുന്നു. വിനോദത്തിന്റെ പേരിലുള്ള വ്യവസായമാണിത് ഇറക്കുമതി ചെയ്യുന്നത്. ഇത്തരത്തിലുള്ള രാജ്യങ്ങളിലുള്ള ചുരുക്കം ചില ക്രിസ്ത്യാനികൾ ഇത് തിരിച്ചറിയുകയും മറ്റുള്ളവരിൽ നിന്നും വ്യത്യസ്ത പുലർത്തുകയും ചെയ്യുന്നു. ആഭാസവും അന്യാരാധനയും മൂത്ത് ഇവർ നടീനടന്മാരെ ആരാധിക്കുന്നവരായി കൺമോഹനത്തിനടിമപ്പെട്ട് എല്ലാം ഒരു തമാശയായി കാണുന്നവരായിത്തീരും. വിശുദ്ധിക്കായിട്ടാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നതെന്ന ഉത്തമബോധ്യത്തോടെ ഇന്നത്തെ ഇത്തരക്കാരിൽ നിന്നും വേർപെട്ട വിശ്വാസജീവിതം നയിക്കുന്നവരാകണം നാം.



ഒരാൾ സിനിമയിൽ മുഴുകികൊണ്ടേയിരിക്കുമ്പോൾ കൂടുതൽ കൂടുതൽ കാണുവാനുള്ള ആർത്തിയും ആകാംക്ഷയും കൂടുകയാണ് ചെയ്യുന്നത്

സിനിമയും ടി.വി.പരിപാടികളും എന്ന വിഷയത്തെക്കുറിച്ച് ഞാൻ വീണ്ടും എന്താണ് പറയുന്നത്? ദൈവത്തെയും ദൈവവചനത്തെയും മുൻനിർത്തി നാം ഒന്നുവിധിപ്പീൻ. വിശുദ്ധി എന്നത് മുൻ അറിയിപ്പിന്റെ വാക്കാണ്. (സീരിയൽ പരമ്പര, വീഡിയോ, ഡി.വി.ഡി., ടി.വി, ഇന്റർനെറ്റ്) നിങ്ങൾ എന്നു കാണുന്നുവോ അവർക്കുള്ള സ്വാധീനം ചെറുതല്ല. സൂക്ഷിക്കൂ വിവേകമുള്ളവരാകുക. ദൈവമക്കൾ മാതൃകാജീവിതത്തിനായി വിളിക്കപ്പെട്ടവരും ലോകത്തിന്റെ വെളിച്ചവുമാണ്. ഇതുമാത്രം മതിയാകും നമ്മുടെ ജീവിതം സൂക്ഷ്മതയോടും മുൻകരുതലോടും കൂടി നയിക്കുവാൻ നേതൃത്വത്തിലുള്ളവരും സഭാശുശ്രൂഷകന്മാരും അവരുടെ ജീവിതം വിശുദ്ധിയുടെ വ്യക്തമായ നിലവാരത്തിലും ദൈവീകത്വത്തിലും അധിഷ്ഠിതമാക്കിയവരാകണം.

വളരെ ശക്തമായ നിലയിൽ ശരിയാംവണ്ണം ദാവീദ് രാജാവ് പ്രതിവചിച്ചിട്ടുള്ള വചനങ്ങൾ ശ്രദ്ധിക്കുക (സങ്കീ.101:3). ''ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിന് മുമ്പിൽ വക്കുകയില്ല, ക്രമംകെട്ടവരുടെ പ്രവൃത്തിയെ ഞാൻ വെറുക്കുന്നു. അത് എന്നോട് ചേർന്നു പറ്റുകയില്ല''.

വുമാണ് പ്രദാനം ചെയ്യുന്നത്. ഇവ തെറ്റുചെയ്യുവാൻ പ്രചോദനം നൽകുന്നവയും പാപം ഒരു വിനോദവും സ്വീകാര്യവും ആണെന്ന സന്ദേശമാണ് നൽകുന്നത്.

എന്താണ് കാണുകയും ശ്രദ്ധിക്കുകയും ചെയ്യുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ മിക്ക ആളുകളും, യൗവ്വനക്കാരും പ്രത്യേകിച്ച് കുഞ്ഞുങ്ങളും അസ്ഥിരരായി സാവധാനത്തിൽ പാപത്തിന്റെ സ്വാധീനവലയത്തിൽ വീഴുകയാണ്. ഞാൻ വിമാനത്തിൽ യാത്ര ചെയ്തപ്പോഴുണ്ടായ ഒരു സംഭവം എന്റെ സഭായോഗത്തിൽ വരുന്ന ഒരു യുവാവിനോടു പങ്കുവച്ചത് ഞാനോർക്കുന്നു ഇല്ല ഞാനൊരിക്കലും അതിനില്ല ഞാൻ എന്ന് അവൻ എന്നോടു പറഞ്ഞു. കാരണം, വിമാനയാത്ര തന്നെ അവന് പേടിയായിരുന്നു. എന്തുകൊണ്ടെന്നാൽ യാത്രയ്ക്കിടെ അവർ പ്രദർശിപ്പിക്കാറുള്ള ഭയാനകമായ പാമ്പിന്റെ സിനിമ കണ്ട് അവൻ ഭയന്നുപോയിരുന്നു. പിന്നീട് അവന് തന്റെ ജോലി പോലും ചെയ്യാൻ കഴിയാതെ മനസ്സിന്റെ ഏകാഗ്രത നഷ്ടപ്പെട്ടത് അവൻ എന്നോടു തുറന്നുപറഞ്ഞു. അതുകൊണ്ട് പ്രിയരെ നമുക്ക് സിനിമയുടെ വലിയ മാസ്മര ശക്തിക്ക് നേരെ മുൻകരുതലോടിരിക്കാം.

ചിലർ പറയാറുണ്ട് നല്ല സിനിമകളും മറ്റുമേ ഞാൻ കാണാറുള്ളൂ എന്ന്. അത് ഒരു പക്ഷേ ശരിയാവാം. എന്നാൽ സസൂക്ഷ്മം പരിശോധിച്ചാൽ ഒരു കാര്യം ബോധ്യമാകും. ഇവ യഥാർത്ഥത്തിൽ പരിശുദ്ധമായ പരിപാടിയാണോ? ചില സംഭാഷണങ്ങളുരംഗങ്ങളും നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കാറില്ലേ? അത് നിങ്ങളുടെ ആത്മീയത്തെ ബാധിക്കുകയും ധാരാളം വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുകയുമില്ലേ? ഒരാൾ സിനിമയിൽ മുഴുകികൊണ്ടേയിരിക്കുമ്പോൾ കൂടുതൽ കൂടുതൽ കാണുവാനുള്ള ആർത്തിയും ആകാംക്ഷയും കൂടുകയാണ് ചെയ്യുന്നത് നിർദ്ദോഷമെന്ന നിലയിലാണെങ്കിൽപോലും വളരെ വേഗത്തിൽ നാം അവയ്ക്ക് അടിമപ്പെട്ടു പോകുന്നു.

ധാരാളം നല്ല ആളുകൾ പോലും സിനിമക്ക് അടിമകളായിത്തീരുന്നു. എന്നാൽ കാലങ്ങൾ ചെല്ലുന്തോറും, അവരുടെ അന്തരാത്മാവിലുള്ള ദൈവശബ്ദത്തിന് ചെവികൊടുക്കാൻ കഴിയാതെ വരുകയും പിന്നീട് കൂടുതൽ അഭക്തിയിലും അശുദ്ധിയിലും വീണിട്ട് അതിനെയും ന്യായീകരിക്കുകയും ചെയ്യും. അതിനെ നിയന്ത്രിക്കുവാനോ, നീചകാര്യം കാണുന്നതിന് അവസാനിപ്പിക്കുവാനോ ഇത്തരക്കാർക്ക് കഴിയില്ല. അവർ തന്നെ അനുവദിച്ചുകൊടുക്കുന്നതിൽ നിന്നും ഉണരുവാൻ ദൈവത്തിന്റെ കരുണ, അവരെ അതിനായി സഹായിക്കട്ടെ. കൺമോഹവും, ജഡമോഹവും ജീവനത്തിന്റെ പ്രതാപവും അതിൽ അടങ്ങി

## ചോദ്യവും ഉത്തരവും

**ചോദ്യം :** ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഇന്റർനെറ്റ് ഉപയോഗത്തിന്റെ പങ്ക് എന്ത്?

**ഉത്തരം :** ക്രിസ്ത്യാനിയുടെ ജീവിത്തിൽ ഇന്റർനെറ്റ് ഉപയോഗത്തിന്റെ പങ്കും ഒരു വിശുദ്ധൻ അത് ഉപയോഗിക്കണമോ വേണ്ടയോ എന്നതിനെക്കുറിച്ചും ധാരാളം ചോദ്യങ്ങൾ ഉണ്ടായിട്ടുണ്ട്. എന്താണ് ടെലിവിഷനും ഇന്റർനെറ്റും തമ്മിൽ വ്യത്യാസം? രണ്ടിനും രണ്ട് നിലവാരം ഉണ്ടോ?

ടെലിവിഷനും ഇന്റർനെറ്റും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയേണ്ടത് പ്രധാനപ്പെട്ട ഒന്നാണ്. സിനിമ ആയാലും കായികരംഗം ആയാലും ടെലിവിഷന്റെ ഉദ്ദേശം വിനോദമാണ്. മൊത്തത്തിൽ നോക്കിയാൽ വാർത്തകൾ, പക്ഷേ, പരിപാടിയുടെ ഒരു ഭാഗമാണ്.

മറുവശത്ത് ആഗോളതലത്തിൽ വിവരങ്ങൾ പരസ്പരം ബന്ധിപ്പിക്കുന്ന വലയമാണ് ഇന്റർനെറ്റ്. ജോലി , വാർത്താവിനിമയം, ഗവേഷണം മുതലായവയ്ക്ക് ഇന്റർനെറ്റ് ഉപയോഗപ്പെടുന്നു. അതിശയകരമായ ഒരു ഉപകരണമായി ഇത് അംഗീകരിക്കപ്പെട്ടു എങ്കിലും ഏറെ തിന്മകൾക്കും ഉപയോഗിക്കപ്പെടുന്നു. സംപ്രേഷണം ചെയ്യുന്ന സിനിമകൾ എല്ലാം ഇന്റർനെറ്റിന്റെ സഹായത്താലാണ്. ചുരുക്കത്തിൽ ഇന്റർനെറ്റ് നന്മയെക്കാൾ കൂടുതൽ തിന്മ ഉൾക്കൊള്ളുന്നു. എന്നാലും അതിന് ഒരു വ്യത്യാസം ഉണ്ട്. ഒരു ഉപകരണം എന്ന നിലയിൽ ഇന്റർനെറ്റിന് വലിയ നിയന്ത്രണങ്ങൾ നെറ്റ്വർക്ക് മുഖാന്തരം നിയന്ത്രിക്കപ്പെടുന്ന ടെലിവിഷനേക്കാൾ അധികമായിട്ടുണ്ട്. മറുഭാഗത്ത് എല്ലാ ദോഷവും ഇന്റർനെറ്റ് ഉപഭോക്താവിന്റെ വിരൽത്തുമ്പിലാണ്. ആഗ്രഹങ്ങൾ സഫലീകരിക്കുവാൻ ജനങ്ങൾക്ക് രഹസ്യമായി ദൂരെ പോകേണ്ടതില്ല. വീട്ടിലെ സ്വകാര്യതയിൽ അവർക്ക് എല്ലാം ലഭ്യമാണ്. അതുകൊണ്ട് ഇന്റർനെറ്റ് ശക്തിയേറിയും വിനാശകരവുമാണ്.

ഒരു ഉപകരണം എന്ന നിലയിൽ കണ്ട് വിശുദ്ധിയുടെ ഉപദേശം കർശനമായും ഇന്റർനെറ്റിന് ബാധകമാണ് അതിന് വിനോദത്തിന്റെ സ്ഥാനം ആയാൽ വിശുദ്ധിയുടെ പ്രമാണങ്ങളെ ഏറെക്കുറെ അപഹരിക്കും. വേദനയും പ്രശ്നങ്ങളും നിറഞ്ഞ സാഹചര്യങ്ങളിൽ നിന്നുള്ള മുക്തി ഇന്റർനെറ്റ് ജനങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. ഉറക്കത്തിന് ഉപയോഗിക്കേണ്ട അനേകം മണിക്കൂറുകൾ അവർ ഓൺലൈനിൽ ചെലവഴിക്കുന്നു. അനേകർ കുടുംബത്തിൽ നിന്നും സ്നേഹിതന്മാരിൽ നിന്നും രക്ഷപ്പെ



ടുവാൻ ഓൺലൈനിൽ അവർ തന്നെ സൃഷ്ടിച്ചെടുത്ത സുഖകരമായ ഒരു ലോകത്തിലേയ്ക്ക് പിൻവാങ്ങുന്നു. വലിയ ജാഗ്രത ഇന്റർനെറ്റ് ഉപയോഗത്തിന് വേണം.

ഇന്റർനെറ്റ് ഒരു നിറതോക്കു പോലെയാണ്. അത് കളിക്കുവാനുള്ളത് അല്ല, പക്ഷേ വലിയ ജാഗ്രതയോടെ ഉപയോഗിക്കേണ്ട അപകടകാരിയായ ഒരു പ്രയോജനമുള്ള ഉപകരണം ആണ്. ചിലർ തോക്ക് ഇല്ലാത്തവരും ഉപയോഗിക്കാത്തവരും ആകാം. ഇന്റർനെറ്റും ഇങ്ങനെതന്നെ. ചിലർ അവരുടെ ബലഹീനത നിമിത്തം സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി പൂർണ്ണമായും അതിൽനിന്ന് വിട്ടുനില്ക്കും. ശരിയായി ഇന്റർനെറ്റ് ഉപയോഗിച്ചാൽ ഗുണകരമായ ധാരാളം ആവശ്യങ്ങൾക്ക് പ്രയോജനപ്പെടും. വിശുദ്ധിയിൽ അതിനെ സൂക്ഷിക്കുക. പലപ്പോഴും അത് വചനധ്യാനത്തിനെക്കാൾ മുൻഗണന എടുത്ത് സമയത്തെ കൊല്ലുന്നു. അമിതമായ ഉപയോഗത്താൽ ജനം ധാരാളം വിവരങ്ങളാൽ കവിയുന്നു. ഉപയോഗിക്കുന്നതിൽ ആത്മനിയന്ത്രണവും, വീട്ടിൽ അതിന്റെ ആവശ്യകത പുനഃപരിശോധിക്കുന്നതും നല്ലതാണ്.

ആത്മീക ആവശ്യങ്ങൾക്കും സ്നേഹിതന്മാരെ തമ്മിൽ വീണ്ടും കൂട്ടിചേർക്കുവാനും സോഷ്യൽനെറ്റ് വർക്കുകൾ ഉപകാരപ്രദമാണ്. ഇതു ദുരുപയോഗം ചെയ്യുമ്പോൾ വീണ്ടും അപകടകരം ആണ്. നിഷ്കളങ്കമായ സംഭാഷണത്തിൽ ആരംഭിച്ചിട്ട് അത് പിന്നീട് അനേകം കുടുംബങ്ങളെ തകർത്തിട്ടുണ്ട്. യുവാക്കളുടെയും പ്രായപൂർത്തി ആയവരുടെയും ഇടയിൽ സംരക്ഷിക്കപ്പെടുവാൻ കർത്താവ്, ആഗ്രഹിക്കുന്ന പലതിന്റെയും വേലിക്കെട്ടുകൾ അത് തകർത്തു.

സുരക്ഷിത സ്ഥാനത്ത് നിറതോക്ക് സൂക്ഷിച്ചിരിക്കുന്നതു പോലെ ആയിരിക്കണം ജനങ്ങളുടെ വീട്ടിൽ ഇന്റർനെറ്റ്. ഗവേഷണത്തിനോ സ്കൂളിലെ ആവശ്യങ്ങൾക്കോ കുട്ടികൾ അത് ഉപയോഗിക്കേണ്ടിവന്നാൽ അവരെ സൂക്ഷ്മതയോടെ നിയന്ത്രിക്കണം. കുട്ടികൾ പ്രലോഭനത്തിൽ അകപ്പെടാതെ സംരക്ഷിക്കുവാൻ 'ഫിൽറ്റർ' ഉപയോഗിക്കാം.

നാം ജീവിക്കുന്ന സാങ്കേതിക വിദ്യയുടെ ഈ യുഗത്തിൽ ഇന്റർനെറ്റ് പ്രധാനപ്പെട്ട ഒരു ഉപകരണമായി മാറി. അതിന്റെ അപകടവും നാം അറിഞ്ഞിരിക്കണം. നിങ്ങളുടെ ആത്മാവ് മറ്റ് എന്തിനെക്കാളും പ്രധാനപ്പെട്ടതാണ്, അതിനാൽ ഇന്റർനെറ്റ് സൂക്ഷ്മതയോടുകൂടി ഉപയോഗിക്കുന്നതിനുള്ള നിങ്ങളുടെ തീരുമാനത്തിൽ വിശുദ്ധി, ആത്മനിയന്ത്രണം, സൂക്ഷ്മത എന്നിവ പ്രതിഫലിച്ച് ഓരോ നിമിഷവും ഉപയോഗപ്പെടുത്തുവാൻ കഴിയട്ടെ.

MWS

Printed matter only
**MALAYALAM EDITION**

നിങ്ങൾക്ക് അറിയാമോ?

**ജനങ്ങളിൽ സംഗീതത്തിന് വലിയ സ്വാധീനം ഉണ്ട്.**
വിവിധ മന:സ്ഥിതിയും വികാരങ്ങളും പ്രതിഫലിപ്പിച്ചുകൊണ്ട് മനുഷ്യനെ സന്തോഷിപ്പിക്കുവാനും, ദുഃഖിപ്പിക്കുവാനും, കോപിപ്പിക്കാനുമുള്ള കഴിവ് അതിനുണ്ട്. പലതരത്തിലുള്ള വാക്കുകളിലും താളത്തിലുമുള്ള വ്യത്യസ്തമായ പാട്ടുകൾ ഒരു വ്യക്തി ലോകത്തിനെ കാണുന്നതിലും ആസ്വദിക്കുന്നതിലും സ്വാധീനം ഉണ്ടാക്കുന്നു. സാന്ത്വനത്തിനും സൗഹൃദത്തിനുമായി അനേകം ആളുകൾ സംഗീതത്തിൽ ആശ്രയിക്കുന്നു. വിശ്രമവേളകളിലും ആരാധനയ്ക്കും അത് ഉപയോഗിക്കാം.



**നിങ്ങളുടെ ജീവിതത്തിൽ സംഗീതത്തിന്റെ സ്ഥാനം എന്ത്?**
അതുനല്ലതും വിശുദ്ധവും പാവനവും ആണോ? ഒഴിഞ്ഞുകിടക്കുന്ന സ്ഥാനത്ത് ദൈവം നിറയ്ക്കു വാൻ ആഗ്രഹിക്കുന്ന ഒന്നാണോ അത്?


if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

# യുദ്ധം നിങ്ങളുടേതല്ല.

യഹോവ ഇപ്രകാരം നിങ്ങളോട് അരുളിച്ചെയ്യുന്നു: ഈ വലിയ സമൂഹം നിമിത്തം ഭയപ്പെടരുത്, ഭ്രമിക്കുകയും അരുത്, യുദ്ധം നിങ്ങളുടേതല്ല, ദൈവത്തിന്റേതത്രേ. (2 ദിനവൃത്താന്തം 20:15).

യഹോശാഫാത്തിന്റെ നേരെ യുദ്ധത്തിന് ഒരു വലിയ സൈന്യം വരുന്നു എന്ന് അവന് അറിവുകിട്ടിയപ്പോൾ അവൻ ദൈവത്തോട് പറഞ്ഞത് “ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെതിർക്കുവാൻ ഞങ്ങൾക്കു ശക്തിയില്ല; എന്തു ചെയ്യേണ്ടു എന്ന് അറിയുന്നതുമില്ല; എങ്കിലും ഞങ്ങളുടെ കണ്ണ് നിങ്കലേക്ക് തിരിഞ്ഞിരിക്കുന്നു (വാക്യം 12).



ദൈവജനത്തെ നിരുത്സാഹപ്പെടുത്തുവാൻ ശത്രു എല്ലാ നിലയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സുവിശേഷത്തിനുവേണ്ടി എല്ലാം ത്യജിക്കുന്ന സത്യസന്ധരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരുമായ ശുശ്രൂഷകന്മാരെ സാത്താൻ പ്രത്യേകം ശ്രദ്ധവയ്ക്കുന്നു. നാം അഭിമുഖീകരിക്കുന്ന യുദ്ധങ്ങളിൽ വളരെ പ്രബലവും, വലിയതുമായ ധാരാളം സന്ദർഭങ്ങൾ ഉയർന്നു വരാറുണ്ട്. യഹോശാഫാത്ത് ചെയ്തതുപോലെ കണ്ണുകളെ രക്ഷകനിലേക്ക് ഉയർത്തി നമ്മുടെ ആവശ്യങ്ങളെ അറിയിച്ചാൽ നാം സുരക്ഷിതർ ആയിരിക്കും.

യഹോശാഫാത്തിന് ദൈവത്തിന്റെ ആത്മാവ് നൽകിയ അത്ഭുതമാർന്ന അതേ സന്ദേശം കർത്താവ് തന്റെ ജനത്തിന് ഇന്നും നൽകുന്നു. “ഭയപ്പെടരുത്, യുദ്ധം നിങ്ങളുടേതല്ല, ദൈവത്തിന്റേതത്രെ”. നമുക്കു മുമ്പിലുള്ള വലിയ ജനക്കൂട്ടത്തിനോട് നമ്മുടെ ശക്തികൊണ്ട് പൊരുതേണ്ടതില്ല; അല്ലെങ്കിൽ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം നാം നല്കേണ്ടതില്ല, പക്ഷേ ദൈവം എല്ലാം നിയന്ത്രിക്കുന്നു എന്ന് നാം മനസ്സിലാക്കുമ്പോൾ ലഭിക്കുന്ന സമാധാനം വലുതാണ്.

സ്ഥിരമായി നിന്ന് യഹോവ നിങ്ങൾക്കു വരുത്തുന്ന രക്ഷ കണ്ടുകൊള്ളുവിൻ (വാക്യം 17) എന്നാണ് യഹോശാഫാത്തിനോട് ആവശ്യപ്പെട്ടത്. നമുക്കും സ്ഥിരമായി നില്ക്കാം. ദൈവം തന്റെ സ്വന്തത്തിനുവേണ്ടി നല്കിയിരിക്കുന്ന വാഗ്ദാനത്തിൽ വിശ്വസിച്ച് വിശ്രമിക്കാം.

MWS


Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**